പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2866 — 22.06.2012 ൽ മറുപടിയ്ക്ക്

# പി. എം. ജി. എസ്. വൈ. പദ്ധതിയിൽ കുന്ദമംഗലം ബ്ലോക്കിൽ നിന്നുള്ള റോഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി.എ. റഹീം | ശ്രീ. കെ.സി. ജോസഫ് (ഗ്രാവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ കുന്ദമംഗലം ബ്ലോക്കിൽ നിന്നുള്ള പുതിയ ഫേസിലേക്ക് ഏതെല്ലാം റോഡു കൾക്കാണ് പ്രൊപ്പോസൽ ലഭിച്ചിട്ടുള്ളതെന്ന് പറയാമോ ;

എ) കുന്ദമംഗലം ബ്ലോക്കിൽ പി.എം.ജി.എസ്.വൈ. പുതിയ ഫേസിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുന്നതിനായി താഴെ പറയുന്ന 12 റോഡുകളുടെ പ്രൊപ്പോസലാണ് ജില്ലാ പഞ്ചായത്ത് അംഗീകരിച്ച് സമർപ്പിച്ചിട്ടുള്ളത്.

1. 1. വാലില്ലാപ്പുഴ പുതിയനിടം റോഡ് (2.45 കി.മീ) -കാരശ്ശേരി ഗ്രാമ പഞ്ചായത്ത്
2. കുറ്റിക്കാട്ടൂർ പെരിങ്ങളം റോഡ് (2.85 കി.മീ) -പെരുവയൽ ഗ്രാമ പഞ്ചായത്ത്
3. ആനയ മാടമ്പി റോഡ് (6.75 കി.മീ) -കാരശ്ശേരി ഗ്രാമ പഞ്ചായത്ത്
4. പൊയിലിൽ കോട്ടോത്തല റോഡ് (1.5 കി.മീ) -മാവൂർ, പെരുവയൽ ഗ്രാമ പഞ്ചായത്ത്
5. മായങ്ങൽ തോട്ടക്കാട് റോഡ് (5.95 കി.മീ) -കാരശ്ശേരി ഗ്രാമ പഞ്ചായത്ത്
6. പുവ്വാട്ടു പറമ്പ ചാത്തൻകാവ് റോഡ് (2.75 കി.മീ) -പെരുവയൽ ഗ്രാമ പഞ്ചായത്ത്
7. ചെറുവറ്റ പണ്ടാരപ്പറമ്പ് റോഡ് (2. കി.മീ) -കുരുവട്ടൂർ ഗ്രാമ പഞ്ചായത്ത്
8. മുരിങ്ങം പുറായിൽ വല്ലത്തായിപ്പാറ റോഡ് (2.25 കി.മീ) -കാരശ്ശേരി പഞ്ചായത്ത്

9. ചെറുവാടി കുളിമാട് ഈസ്റ്റ് റോഡ് (3 കി.മീ)- കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത്
10. 11-ാം മൈൽ വെസ്റ്റ് പിലാശ്ശേരി റോഡ് (1.85 കി.മീ)- കുന്നമംഗലം ഗ്രാമ പഞ്ചായത്ത്
11. മാമ്പറ്റ വട്ടോളിപ്പറമ്പ് റോഡ് (1.75 കി.മീ)-മുക്കം ഗ്രാമ പഞ്ചായത്ത്
12. പെരുമണ്ണ പൊയിൽത്താഴം റോഡ് (5.16 കി.മീ)- പെരുമണ്ണ ഗ്രാമ പഞ്ചായത്ത്

ബി) പ്രസ്തുത റോഡുകളുടെ വീതി 3 മീറ്ററിൽ നിന്ന് 6 മീറ്ററാക്കി കുറയ്ക്കാനുള്ള നിർദ്ദേശം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

ബി) കേന്ദ്രസർക്കാർ നിയോഗിച്ച വിദഗ്ദ സമിതിയുടെ ശുപാർശ പ്രകാരം സമതല പ്രദേശങ്ങളിൽ ത്രൂറോഡുകൾക്ക് ഏറ്റവും കുറഞ്ഞവീതി ഏഴര മീറ്ററും, ലിങ്ക് റോഡുകൾക്ക് 6 മീറ്ററും ആയി നിശ്ചയിച്ചിട്ടുണ്ട്. മലമ്പ്രദേശങ്ങളിൽ എല്ലാ റോഡുകൾക്കും ഏറ്റവും കുറഞ്ഞ വീതി 6 മീറ്റർ മതിയാകുന്നതാണ്. ഇത് 1/1/2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

സി) എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

സി) ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്